**പതിനഞ്ചാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2024 ജൂൺ 24, തിങ്കൾ

**നമ്പർ 138**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ അഞ്ചെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അനുമോദനം :

പുതിയതായി സത്യപ്രതിജ്ഞ ചെയ്ത ശ്രീ. ഒ. ആർ. കേളു, പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ വകുപ്പുമന്ത്രിയെ അനുമോദിച്ചുകൊണ്ട് സ്പീക്കർ പരാമർശം നടത്തി.

നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം :

അഞ്ചുതെങ്ങിലെ മുതലപ്പൊഴി ഹാർബറിന്റെ അശാസ്ത്രീയ നിർമ്മാണം കാരണം ബോട്ട് മറിഞ്ഞ് നിരവധി മത്സ്യത്തൊഴിലാളികൾ മരണമടയുന്ന സാഹചര്യംമൂലം ജനങ്ങളിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. എം. വിൻസെന്റും, മറ്റ് അഞ്ച് അംഗങ്ങളും സഭാ നടപടികൾ നിറുത്തിവയ്ക്കുന്നതിനുള്ള ഒരു ഉപക്ഷേപത്തിന് നോട്ടീസ് നൽകിയിരുന്നു. മത്സ്യബന്ധനം, സാംസ്കാരികം വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ ഉപക്ഷേപത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.

ശ്രദ്ധ ക്ഷണിക്കൽ :

1) സ്വന്തമായി ഭൂമി ഇല്ലാത്തതിനാൽ ഭൂമി അനുവദിക്കപ്പെട്ട ദേവികുളം താലൂക്കിലെ മുഴുവൻ തൊഴിലാളികൾക്കും നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പട്ടയം വിതരണം ചെയ്യേണ്ടതിന്റെ

ആവശ്യകതയിലേക്ക് ശ്രീ. എ. രാജ റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

2) വിവിധ നികുതികളുടേയും ഫീസുകളുടേയും വർദ്ധനവ് മൂലം കെട്ടിടനിർമ്മാണ മേഖല അഭിമുഖീകരിക്കുന്നതായി പറയപ്പെടുന്ന പ്രശ്നങ്ങൾ പരിഹരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. യു. എ. ലത്തീഫ് തദ്ദേശസ്വയംഭരണ- എക്സൈസ്, പാർലമെന്ററികാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു.

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ശ്രീ. എൻ. കെ. അക്ബർ | ഗുരുവായൂരിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടി | മുഖ്യമന്ത്രി |
| 2 | ശ്രീ.രമേശ് ചെന്നിത്തല | റീ ബിൽഡ് കേരള പദ്ധതിയിൽപ്പെട്ട പനച്ചവീട്-കൊച്ചുവീട്ടിൽ മുക്ക് റോഡ് പുനർ നിർമ്മാണം | തദ്ദേശ സ്വയംഭരണ-എക്സൈസ്, പാർലമെന്ററികാര്യ വകുപ്പുമന്ത്രി |
| 3 | ശ്രീ. അഹമ്മദ് ദേവർകോവിൽ | മലപ്പുറത്ത് പ്ലസ് വൺ കോഴ്സിന് അധിക സീറ്റ് അനുവദിക്കുന്നതിന് നടപടി | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 4 | ശ്രീ. പി. പി. ചിത്തരഞ്ജൻ | മത്സ്യത്തൊഴിലാളി ക്ഷേമനിധി അംഗങ്ങളുടെ വിധവകൾക്ക് പെൻഷൻ നൽകുന്നതിന് നടപടി | ധനകാര്യ വകുപ്പുമന്ത്രി |
| 5 | ശ്രീ. ആന്റണി ജോൺ | പിണ്ടിമന, കവളങ്ങാട്, കുട്ടമ്പുഴ, കോട്ടപ്പടി,കീരംപാറ മേഖലകളിലെ വന്യമൃഗ ശല്യം | വനം-വന്യജീവി വകുപ്പുമന്ത്രി |

| (1) | (2) | (3) | (4) |
|---|---|---|---|
| 6 | ഡോ.മാത്യു കുഴൽനാടൻ | മുള്ളരിങ്ങാട്, നീണ്ടപാറ, കാഞ്ഞിരവേലി, പൈങ്ങോട്ടൂർ, ചാത്തമറ്റം പ്രദേശങ്ങളിലെ കാട്ടാനശല്യവും തലക്കോട്-ചുള്ളിക്കണ്ടം ഫെൻസിങ്ങും | വനം-വന്യജീവി വകുപ്പുമന്ത്രി |
| 7 | ശ്രീ. കെ.പി.എ. മജീദ് | പരപ്പനങ്ങാടി പ്ലാനറ്റേറിയം & സയൻസ് പാർക്ക് നിർമ്മാണം | ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി |
| 8 | ശ്രീ.കടകംപള്ളി സുരേന്ദ്രൻ | ആക്കുളം കായൽ പുനരുജ്ജീവന പദ്ധതി | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 9 | ശ്രീ. മാത്യു ടി. തോമസ് | ഉപദേശികടവ് പാലം-അപ്രോച്ച് റോഡ് നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

ഗവൺമെന്റ് പ്രമേയം :

സംസ്ഥാനത്തിന്റെ പേര് ഭരണഘടനയിൽ 'കേരളം' എന്നാക്കി മാറ്റുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ താഴെപ്പറയുന്ന പ്രമേയം അവതരിപ്പിച്ചു.

"നമ്മുടെ സംസ്ഥാനത്തിന്റെ നാമധേയം മലയാള ഭാഷയിൽ കേരളം എന്നാണ്. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപവൽക്കരിക്കപ്പെട്ടത് 1956 നവംബർ 1-നാണ്. കേരളപ്പിറവി ദിനവും നവംബർ 1 - നാണ്. മലയാള ഭാഷ സംസാരിക്കുന്ന ജനവിഭാഗങ്ങൾക്കായി ഐക്യകേരളം രൂപപ്പെടണമെന്നത് ദേശീയ സ്വാതന്ത്ര്യസമര കാലം മുതൽ ശക്തിയായി ഉയർന്ന് വന്നിരുന്ന ആവശ്യമാണ്. എന്നാൽ ഭരണഘടനയുടെ ഒന്നാം പട്ടികയിൽ നമ്മുടെ സംസ്ഥാനത്തിന്റെ പേര് 'കേരള' എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് 'കേരളം' എന്നാക്കി ഭേദഗതി വരുത്തുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ ഭരണഘടനയുടെ അനുച്ഛേദം 3 പ്രകാരം കൈക്കൊള്ളണമെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് ഐകകണ്ഠ്യേന ആവശ്യപ്പെടുന്നു. "

ശ്രീ. എൻ. ഷംസുദ്ദീൻ പ്രമേയത്തിനുമേൽ ഭേദഗതി അവതരിപ്പിച്ചു. അവതരിപ്പിച്ച ഭേദഗതി സഭ തള്ളി. തുടർന്ന് പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

ധനകാര്യം :

2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V- ാം നമ്പർ ധനാഭ്യർത്ഥന, മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII - ാം നമ്പർ ധനാഭ്യർത്ഥന, ട്രഷറികളും അക്കൗണ്ടുകളും എന്ന X - ാം നമ്പർ ധനാഭ്യർത്ഥന, പെൻഷനും പലവകയും എന്ന XVI- ാം നമ്പർ ധനാഭ്യർത്ഥന, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII - ാം നമ്പർ ധനാഭ്യർത്ഥന എന്നിവയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 7- ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാലും, ഭൂനികുതി എന്ന VI - ാം നമ്പർ ധനാഭ്യർത്ഥന, ജില്ലാഭരണവും പലവകയും എന്ന XI - ാം നമ്പർ ധനാഭ്യർത്ഥന, ഭവനനിർമ്മാണം എന്ന XXI - ാം നമ്പർ ധനാഭ്യർത്ഥന എന്നിവയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 7 - ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി ശ്രീ. കെ. രാജനും, പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI - ാം നമ്പർ ധനാഭ്യർത്ഥനയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 7- ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും അവതരിപ്പിച്ചു.

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവനകൾ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ മേശപ്പുറത്തു വച്ചു.

V - ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 3, 4, 5, 7, 8, 9, 10, 11, 14, 15, 16, 18, 19, 20, 21, 23, 24, 26, 27, 28, 30, 31, 33, 35, 36, 37, 40, 41, 42, 44, 46, 47, 50, 51 എന്നീ ഖണ്ഡനോപക്ഷേപങ്ങളും, VI - ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 3, 5, 6, 7, 8, 9, 10, 11, 12, 14, 15, 17, 21, 22, 24, 26, 27, 28, 30, 32, 33, 34, 35, 36, 38, 39, 40, 41, 42, 43, 44, 45, 46, 49, 50 എന്നീ ഖണ്ഡനോപക്ഷേപങ്ങളും, VII - ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 3, 4, 5, 7, 8, 9, 10, 11, 12, 13, 14, 15, 16, 18, 19, 21, 22, 24, 25, 26, 28, 29, 30 31, 32, 33, 34, 35, 37, 39, 42, 43, 44, 45,

46, 47, 50, 51 എന്നീ ഖണ്ഡനോപക്ഷേപങ്ങളും, X - ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 3, 4, 5, 7, 8, 9, 10, 11, 12, 13, 14, 15, 17, 18, 19, 20, 22, 23, 24, 25, 27, 28, 30, 31, 32, 33, 34, 35, 36, 38, 39, 41, 43, 44, 45, 49, 50, 51 എന്നീ ഖണ്ഡനോപക്ഷേപങ്ങളും, XI - ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 3, 4, 5, 6, 8, 9, 10, 11, 12, 13, 14, 15, 17, 18, 19, 21, 22, 24, 26, 27, 28, 29, 30, 31, 32, 33, 34, 35, 36, 37, 38, 39, 43, 44, 46, 48, 49 എന്നീ ഖണ്ഡനോപക്ഷേപങ്ങളും, XVI - ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 2, 3, 4, 6, 7, 8, 9, 10, 11, 12, 13, 14, 16, 18, 20, 21, 22, 23, 25, 26, 27, 28, 29, 30, 31, 32, 33, 34, 35, 36, 37, 40, 41, 46, 47, 48, 49, 50 എന്നീ ഖണ്ഡനോപക്ഷേപങ്ങളും, XXI - ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 3, 4, 5, 6, 8, 9, 10, 11, 12, 13, 14, 15, 16, 17, 19, 20, 22, 23, 24, 25, 26, 29, 31, 32, 33, 34, 35, 36, 37, 38, 39, 42, 43, 45, 47, 51 എന്നീ ഖണ്ഡനോപക്ഷേപങ്ങളും, XXVI - ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 2, 3, 4, 5, 7, 8, 9, 10, 11, 12, 13, 14, 15, 17, 19, 20, 21, 22, 23, 25, 26, 27, 29, 30, 31, 32, 33, 34, 37, 39, 41, 42, 43, 44, 45, 46, 49, 50 എന്നീ ഖണ്ഡനോപക്ഷേപങ്ങളും, XXVIII - ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 3, 4, 5, 6, 8, 9, 11, 12, 13, 14, 15, 17, 18, 19, 20, 22, 24, 25, 26, 28, 29, 30, 31, 32, 33, 34, 35, 36, 37, 39, 40, 41, 42, 45, 48, 49, 50, 51 എന്നീ ഖണ്ഡനോപക്ഷേപങ്ങളും അവതരിപ്പിച്ചു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. പി. നന്ദകുമാർ

ശ്രീ. വി. ശശി

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

ശ്രീ. എൻ. കെ. അക്ബർ

ശ്രീ. കെ. ആൻസലൻ

ശ്രീ. എം. വിൻസെന്റ്

ശ്രീ. കെ. ഡി. പ്രസേനൻ

ശ്രീ. റോജി എം. ജോൺ

ശ്രീ. കെ. കെ. രാമചന്ദ്രൻ

ശ്രീ. കെ. പ്രേംകുമാർ

ശ്രീ. തോമസ് കെ. തോമസ്

ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. എ. പി. അനിൽ കുമാർ.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാലും, റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി ശ്രീ. കെ. രാജനും, തുറമുഖവും സഹകരണവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവനും, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി ശ്രീ. കടന്നപ്പള്ളി രാമചന്ദ്രനും മറുപടി നൽകി. അവതരിപ്പിച്ചിരുന്ന ഖണ്ഡനോപക്ഷേപങ്ങൾ സഭ തള്ളി. തുടർന്ന് ധനാഭ്യർത്ഥനകൾ V, VI, VII, X, XI, XVI, XXI, XXVI, XXVIII എന്നിവ വോട്ടിനിട്ട് പാസ്സാക്കി.

2024 ജൂൺ 25- ാം തീയതി, ചൊവ്വാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 5.10 - ന് സഭ പിരിഞ്ഞു.

ഡോ. എൻ. കൃഷ്ണ കുമാർ,
*സെക്രട്ടറി.*

FIFTEENTH KERALA LEGISLATIVE ASSEMBLY

Eleventh Session

# BULLETIN–PART I

(Brief Record of Proceedings)

*Monday, June 24, 2024*

**English Version**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Five Questions in the list of Questions posted for the day were answered orally.

*Felicitation:*

The Speaker made a reference felicitating Shri O. R. Kelu, who has sworn in as Minister for Welfare of Scheduled Castes, Scheduled Tribes and Backward Classes.

*Adjournment Motion:*

After hearing the Minister for Fisheries and Culture, the Speaker withheld consent to the moving of an adjournment motion given notice of by Shri M. Vincent and five other Members regarding the concern reported to have arisen among the people due to the unscientific construction of the Muthalapozhi harbor in Anjuthengu where many fishermen have died due to boat overturning.

(In protest against the attitude of the Government in the matter, the Members belonging to the opposition staged a walkout.)

*Calling Attention :*

1. Shri A. Raja called the attention of the Minister for Revenue and Housing to the necessity to distribute Patta by completing the procedures to all the labourers in Devikulam Taluk who were assigned the land. The Minister made a statement thereto.

2. Shri U. A. Lathif called the attention of the Minister for Local Self Governments, Excise and Parliamentary Affairs to the necessity to take steps to resolve the problems reported to have faced by Construction Sector due to the hike in various taxes and fees. The Minister made a statement thereto.

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ശ്രീ. എൻ. കെ. അക്ബർ | ഗുരുവായൂരിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടി | മുഖ്യമന്ത്രി |
| 2 | ശ്രീ.രമേശ് ചെന്നിത്തല | റീ ബിൽഡ് കേരള പദ്ധതി യിൽപ്പെട്ട പനച്ചവീട്-കൊച്ചുവീട്ടിൽ മുക്ക് റോഡ് പുനർ നിർമ്മാണം | തദ്ദേശ സ്വയംഭരണ–എക്സൈസ്, പാർലമെന്ററികാര്യ വകുപ്പുമന്ത്രി |
| 3 | ശ്രീ. അഹമ്മദ് ദേവർ കോവിൽ | മലപ്പുറത്ത് പ്ലസ് വൺ കോഴ്സിന് അധിക സീറ്റ് അനുവദിക്കുന്നതിന് നടപടി | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 4 | ശ്രീ. പി. പി. ചിത്തരഞ്ജൻ | മത്സ്യത്തൊഴിലാളി ക്ഷേമനിധി അംഗങ്ങളുടെ വിധവകൾക്ക് പെൻഷൻ നൽകുന്നതിന് നടപടി | ധനകാര്യ വകുപ്പുമന്ത്രി |
| 5 | ശ്രീ. ആന്റണി ജോൺ | പിണ്ടിമന, കവളങ്ങാട്, കുട്ടമ്പുഴ, കോട്ടപ്പടി,കീരംപാറ മേഖല കളിലെ വന്യമൃഗ ശല്യം | വനം-വന്യജീവി വകുപ്പുമന്ത്രി |
| 6 | ഡോ.മാത്യു കുഴൽനാടൻ | മുള്ളരിങ്ങാട്, നീണ്ടപാറ, കാഞ്ഞിരവേലി, പൈങ്ങോട്ടൂർ, ചാത്തമറ്റം പ്രദേശങ്ങളിലെ കാട്ടാനശല്യവും തലക്കോട്-ചുള്ളിക്കണ്ടം ഫെൻസിങ്ങും | വനം-വന്യജീവി വകുപ്പുമന്ത്രി |
| 7 | ശ്രീ. കെ.പി.എ. മജീദ് | പരപ്പനങ്ങാടി പ്ലാനറ്റേറിയം & സയൻസ് പാർക്ക് നിർമ്മാണം | ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി |

| (1) | (2) | (3) | (4) |
|---|---|---|---|
| 8 | ശ്രീ.കടകംപള്ളി സുരേന്ദ്രൻ | ആക്കുളം കായൽ പുനരുജ്ജീവന പദ്ധതി | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 9 | ശ്രീ. മാത്യു ടി. തോമസ് | ഉപദേശികടവ് പാലം-അപ്രോച്ച് റോഡ് നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Government Resolution :*

Shri Pinarayi Vijayan, Chief Minister moved the following Resolution urging the Central Government to rename the State as 'Keralam' in the Constitution and all official records.

“നമ്മുടെ സംസ്ഥാനത്തിന്റെ നാമധേയം മലയാള ഭാഷയിൽ കേരളം എന്നാണ്. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപവൽക്കരിക്കപ്പെട്ടത് 1956 നവംബർ 1 - നാണ്. കേരളപ്പിറവി ദിനവും നവംബർ 1 - നാണ്. മലയാള ഭാഷ സംസാരിക്കുന്ന ജനവിഭാഗങ്ങൾക്കായി ഐക്യകേരളം രൂപപ്പെടണമെന്നത് ദേശീയ സ്വാതന്ത്ര്യസമര കാലം മുതൽ ശക്തിയായി ഉയർന്ന് വന്നിരുന്ന ആവശ്യമാണ്. എന്നാൽ ഭരണഘടനയുടെ ഒന്നാം പട്ടികയിൽ നമ്മുടെ സംസ്ഥാനത്തിന്റെ പേര് ‘കേരള്’ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് ‘കേരളം’ എന്നാക്കി ഭേദഗതി വരുത്തുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ ഭരണഘടനയുടെ അനുച്ഛേദം 3 പ്രകാരം കൈക്കൊള്ളണമെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് ഐകകണ്ഠ്യേന ആവശ്യപ്പെടുന്നു. ”

Shri N. Samsudheen moved an amendment to the resolution. The amendment moved was declared lost. Then, the resolution was adopted by the House unanimously.

*Financial Business :*

<u>Discussion and Voting on Demands for Grants in the Budget for the financial year 2024-25</u>

Shri K. N. Balagopal, Minister for Finance moved Demand No. V – Goods and Services Tax, Agricultural Income Tax and Sales Tax, Demand No. VII – Stamps and Registration, Demand No. X – Treasury and Accounts, Demand No.

XVI – Pension and Miscellaneous and Demand No. XXVIII – Miscellaneous Economic Services, Shri K. Rajan, Minister for Revenue and Housing moved Demand No. VI – Land Revenue, Demand No. XI – District Administration and Miscellaneous, Demand No. XXI – Housing and Shri Pinarayi Vijayan, Chief Minister moved Demand No. XXVI – Relief on Account of Natural Calamities for the amounts shown respectively against them under column No. 7 in the list of Demands for Grants.

Shri K. N. Balagopal, Minister for Finance laid on the table statements under Rule 236 (3) relating to Demands Nos V, VI, VII, X, XI, XVI, XXI, XXVI and XXVIII.

The cut motion Nos. 3, 4, 5, 7, 8, 9, 10, 11, 14, 15, 16, 18, 19, 20, 21, 23, 24, 26, 27, 28, 30, 31, 33, 35, 36, 37, 40, 41, 42, 44, 46, 47, 50, 51 in the list of cut motions for Demand No. V, the cut motion Nos. 3, 5, 6, 7, 8, 9, 10, 11, 12, 14, 15, 17, 21, 22, 24, 26, 27, 28, 30, 32, 33, 34, 35, 36, 38, 39, 40, 41, 42, 43, 44, 45, 46, 49, 50 in the list of cut motions for Demand No. VI, the cut motion Nos. 3, 4, 5, 7, 8, 9, 10, 11, 12, 13, 14, 15, 16, 18, 19, 21, 22, 24, 25, 26, 28, 29, 30 31, 32, 33, 34, 35, 37, 39, 42, 43, 44, 45, 46, 47, 50, 51 in the list of cut motions for Demand No. VII, the cut motion Nos. 3, 4, 5, 7, 8, 9, 10, 11, 12, 13, 14, 15, 17, 18, 19, 20, 22, 23, 24, 25, 27, 28, 30, 31, 32, 33, 34, 35, 36, 38, 39, 41, 43, 44, 45, 49, 50, 51 in the list of cut motions for Demand No. X, the cut motion Nos. 3, 4, 5, 6, 8, 9, 10, 11, 12, 13, 14, 15, 17, 18, 19, 21, 22, 24, 26, 27, 28, 29, 30, 31, 32, 33, 34, 35, 36, 37, 38, 39, 43, 44, 46, 48, 49 in the list of cut motions for Demand No. XI, cut motion Nos. 2, 3, 4, 6, 7, 8, 9, 10, 11, 12, 13, 14, 16, 18, 20, 21, 22, 23, 25, 26, 27, 28, 29, 30, 31, 32, 33, 34, 35, 36, 37, 40, 41, 46, 47, 48, 49, 50 in the list of cut motions for Demand No. XVI, cut motion Nos. 3, 4, 5, 6, 8, 9, 10, 11, 12, 13, 14, 15, 16, 17, 19, 20, 22, 23, 24, 25, 26, 29, 31, 32, 33, 34, 35, 36, 37, 38, 39, 42, 43,

45, 47, 51 in the list of cut motions for Demand No. XXI, cut motion Nos. 2, 3, 4, 5, 7, 8, 9, 10, 11, 12, 13, 14, 15, 17, 19, 20, 21, 22, 23, 25, 26, 27, 29, 30, 31, 32, 33, 34, 37, 39, 41, 42, 43, 44, 45, 46, 49, 50 in the list of cut motions for Demand No. XXVI and cut motion Nos. 1, 3, 4, 5, 6, 8, 9, 11, 12, 13, 14, 15, 17, 18, 19, 20, 22, 24, 25, 26, 28, 29, 30, 31, 32, 33, 34, 35, 36, 37, 39, 40, 41, 42, 45, 48, 49, 50, 51 in the list of cut motions for Demand No. XXVI were moved.

The following members took part in the discussion:

Shri P. Nandakumar

Shri V. Sasi

Shri Manjalamkuzhi Ali

Shri Sebastian Kulathunkal

Shri N. K. Akbar

Shri K. Ansalan

Shri M. Vincent

Shri K. D. Prasenan

Shri Roji M. John

Shri K. K. Ramachandran

Shri K. Premkumar

Shri Thomas K. Thomas

Shri Kurukkoli Moideen

Shri G. S. Jayalal

Shri A. C. Moideen

Shri A. P. Anil kumar.

Shri K. N. Balagopal, Minister for Finance, Shri K. Rajan, Minister for Revenue and Housing, Shri V. N. Vasavan, Minister for Ports, Co-Operation and Devaswoms and Shri Ramachandran Kadannappalli, Minister for Registration, Museums and Archaeology replied to the points raised during the discussion. The cut motions were declared lost. Then the Demand No. V, VI, VII, X, XI, XVI, XXI, XXVI and XXVIII were put to vote and passed.

The House adjourned at 5.10 p.m. to meet again at 9.00 a.m on Tuesday, June 25, 2024.

DR. N. KRISHNA KUMAR,
*Secretary.*